**No.D2-13209/2026/PHQ**
Police Headquarters,
Thiruvananthapuram
Vazhuthacaud
Pincode:695010
phq.pol@kerala.gov.in
04712721547
Dated. 21-03-2026

## Circular. 4/2026/PHQ

Sub : സംസ്ഥാനത്ത് മാലിന്യനിർമാർജന പരിപാടിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പുമായി ഒത്ത് ചേർന്ന് പോലീസ് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

Ref : 1. പോലീസ് ആസ്ഥാനത്ത് നിന്നും 23.6.2016 തീയതിയിൽ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 09/2016
2.പോലീസ് ആസ്ഥാനത്ത് നിന്നും14.11.2016 തീയതിയിൽ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 09/2016
3. തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ WM3/173/2022 -LSGD നമ്പർ പ്രകാരമുള്ള 10/07/2025 തീയതിയിലെ അർദ്ധ -ഔദ്യോഗിക കത്ത്

കേരളം ജനസാന്ദ്രതയും പരിസ്ഥിതിസൂക്ഷ്മതയും കൂടിയ സംസ്ഥാനമായതിനാൽ വിവിധ തരത്തിലുള്ള വലിയ അളവിലുള്ള മാലിന്യങ്ങൾ ഇവിടെ പ്രതിദിനം ഉത് പാദിപ്പിക്കപ്പെടുന്നു.

**മാലിന്യമുക്തം നവകേരളം** പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധ ശാസ്ത്രീയ മാലിന്യനിർമാർജന സംവിധാനങ്ങൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധേയമായ പുരോഗതി നാം കൈവരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങളുടെ പ്രവർത്തന സുസ്ഥിരത **പൊതുജനങ്ങളുടെ സഹകരണം, ബോധവൽക്കരണം, കർശനമായ നിയമനടപടികൾ എന്നിവയെ ആശ്രയിച്ചിരിക്കുന്നു.**

മാലിന്യങ്ങളുടെ അനധികൃത നിക്ഷേപം, പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയൽ, അനധികൃതമായി മാലിന്യം കൊണ്ടുപോകൽ തുടങ്ങിയ പ്രവൃത്തികൾ ഇപ്പോഴും ഗൗരവമായ വെല്ലുവിളികളായി തുടരുന്നു എന്നത് യാഥാർത്ഥ്യമാണ്.

മാലിന്യ നിർമ്മാർജ്ജനത്തിന് പ്രതികൂലമായ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ഫലപ്രദമായ മാലിന്യനിർമാർജനം ഉറപ്പാക്കുകയും ചെയ്യുന്നതിനായി പോലീസിന്റെ സജീവ പിന്തുണയോടെ കർശനമായ നിയമനടപടികൾ ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തുകയുണ്ടായി. ആയതനുസരിച്ച് സംസ്ഥാനത്ത് മാലിന്യനിർമാർജന നടപടികൾ കർശനമായി നടപ്പിലാക്കുന്നതിനായി പോലീസ് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒരു സർക്കുലർ/ പരിപത്രം പുറപ്പെടുവിക്കണമെന്ന് മേൽ സൂചന (3) പ്രകാരം കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

പ്രസ്തുത ആവശ്യം പരിഗണിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥരും കർശനമായി പാലിക്കുന്നതിന് വേണ്ടി പുറപ്പെടുവിക്കുന്നു.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെ.എം.എ) വകുപ്പ് 340എ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം (കെ.പി.ആർ.എ) വകുപ്പ് 219 എസ് എന്നിവ പ്രകാരം ജലാശയങ്ങളിലും ജലസ്രോതസുകളിലും മാലിന്യവും മറ്റ് വിസർജ്ജ്യങ്ങളും തള്ളുന്ന ഗൗരവകരമായ കുറ്റകൃത്യങ്ങളിൽ അറസ്റ്റ് ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. അനധികൃതമായി മാലിന്യം തള്ളുന്ന വാഹനങ്ങൾ കണ്ടുകെട്ടേണ്ടതും (വകുപ്പ് 340ബി, കെ.എം.എ: വകുപ്പ് 219 യു, കെ.പി.ആർ.എ) തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇങ്ങനെ പിടിച്ചെടുക്കുന്ന

വാഹനങ്ങൾ ഹൈക്കോടതി നിർദേശപ്രകാരം (interim order of Hon'ble Kerala High Court in WP(C) No. 7844/2023 dated 23/05/2023) മാത്രമേ വിട്ടുകൊടുക്കാവൂ.

3. നിയമ ലംഘകർക്കെതിരെ 2023 ലെ ഭാരതീയ ന്യായ സംഹിതയിലെ 271, 272, 279, 280, 292 എന്നീ വകുപ്പുകളും 2011-ൽ പുറപ്പെടുവിച്ച കേരള പൊലീസ് ആക്ടിലെ 120 (ഇ ) വകുപ്പ് പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കേണ്ടതാണ്.

4. സംസ്ഥാന അതിർത്തികൾ മുഖേന മാലിന്യ നീക്കം നടത്തുന്ന വാഹനങ്ങൾ പരിശോധിച്ച് മതിയായ അനുമതികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. അനധികൃത ഏജൻസികൾ മുഖേനയോ അല്ലാതെയോ രാത്രി കാലങ്ങളിൽ മാലിന്യം വൻ തോതിൽ പൊതു നിരത്തിലും ജലാശയങ്ങളിലും നിക്ഷേപിക്കുന്നത് തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുമായി ചേർന്ന് നൈറ്റ് സ്ക്വാഡുകൾ പരിശോധന നടത്തേണ്ടതാണ്. കൂടാതെ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നിയമപരമായ പിന്തുണ നൽകേണ്ടതുമാണ്.

6. സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് നിരോധനം പ്രാവർത്തികമാക്കുന്നതിന് കാലാകാലങ്ങളിൽ ബഹു. സുപ്രീംകോടതി / ഹൈക്കോടതി പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ കൃത്യമായും കർശനമായും നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾ ആവശ്യപ്പെടുന്ന മുറക്ക് നിയമപരമായ പോലീസ് സഹായം നൽകേണ്ടതാണ്.

7. (GO(Rt) No. 2566/2022/LSGD dated 22/10/2022-ഉം GO(Rt) No. 673/2023/LSGD dated 21/03/2023 പ്രകാരം രൂപീകരിച്ച ജില്ല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, Circular No. WM3/139/2023-LSGD dated 04/08/2023 പ്രകാരം രൂപീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനതല വിജിലൻസ് സ്ക്വാഡുകൾ എന്നിവയുടെ പ്രവർത്തനത്തിന് പൊലീസ് സ്റ്റേഷനുകളിൽ നിന്നും ആവശ്യാനുസരണം ഉദ്യോഗസ്ഥരെ നിയോഗിച്ച് അതത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മതിയായ പിന്തുണ ഉറപ്പാക്കേണ്ടതാണ്.

8. കെ.എം.എ വകുപ്പ് 550, കെ.പി.ആർ വകുപ്പ് 252 വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മേയർ/ചെയർപേഴ്സൺ/പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ഈ നിയമത്തിലെയോ അനുബന്ധ ചട്ടങ്ങൾ/ബൈ-ലോ എന്നിവ പ്രകാരമോ ഉണ്ടായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ കൈമാറേണ്ടതാണ്.

9. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിൽ സ്വീകരിച്ച നിയമനടപടികളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് തൊട്ടടുത്ത മാസം പതിനഞ്ചാം തീയതിക്ക് മുൻപായി സംസ്ഥാന പൊലീസ് മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

10. അനധികൃത മാലിന്യ നിക്ഷേപവും സംസ്കരണവുമായി ബന്ധപ്പെട്ട് പോലീസിനു നടപടി സ്വീകരിക്കാവുന്ന വകുപ്പുകളുടെ ലഘുവിവരണം ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ഒരു പട്ടിക അനുബന്ധമായി നൽകുന്നു.

Ravada Azad Chandra Sekhar IPS
State Police Chief

To : 1. ജില്ലാ പോലീസ് മേധാവികൾ, സോഷ്യൽ പോലീസിംഗ് ഡയറക്ടർ ഉൾപ്പെടെ ലിസ്റ്റ് ബി പ്രകാരമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും
2. പോലീസ് ആസ്ഥാനത്തെ എല്ലാ സ്റ്റാഫ് ഓഫീസർമാരുടെയും അറിവിലേക്കായി
3. സി -1 സീറ്റ് പോലീസ് ആസ്ഥാനം

Copy To : 1. പോലീസ് ആസ്ഥാന ഡെപ്യൂട്ടി ഡയറക്ടർ (പി ഐ സി ) -ക്ക് തുടർ പ്രചാരണ നടപടികൾക്കായി

2. സ്പെഷ്യൽ സെക്രട്ടറി , തദ്ദേശ സ്വയംഭരണ വകുപ്പ്